## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5312 1/07/2014-ൽ മറുപടിക്ക്

# വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കുന്നതിന് ബോധവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീടുകളിലെ വയറിങ്ങ് ലൈനുകളിൽനിന്നും കാലപ്പഴക്കം ചെന്നതും അല്ലാത്തതുമായ ഇലക്ട്രിക് വീട്ടുപകരണങ്ങളിൽ നിന്നും ഷോക്കേറ്റുണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; | (എ) 151 പേർ |
| (ബി) കാലപ്പഴക്കം ചെന്ന വയറിംഗും മോശം ഇലക്ട്രിക് ഉപകരണങ്ങളും മാറ്റി സ്ഥാപിക്കുന്നതിനും ഇലക്ട്രിക് വീട്ടുപകരണങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ, കെ.എസ്.ഇ.ബി. എഞ്ചിനിയർമാരുടെ നേതൃത്വത്തിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ബി) വൈദ്യുത സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ് അസോസിയേഷനുകൾ എന്നിവരുമായി ചേർന്ന് സുരക്ഷാ ബോധവൽക്കരണ മീറ്റിംഗുകൾ നടത്തുന്നതിന് ഡിവിഷൻ തലത്തിൽ ചുമതലപ്പെട്ടുത്തിയിട്ടുണ്ട്. ബോർഡ് തലത്തിൽ അതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. കൂടാതെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് ഗാർഹിക മേഖലയിൽ ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിലേയ്ക്കായി പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br>2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് കെ.എസ്.ഇ.ബി., എനർജി മാനേജ്മെന്റ് സെന്റർ മുതലായവയുടെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം വയർമാൻമാർക്ക് സുരക്ഷയെ സംബന്ധിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. |

(.....2)

3. വൈദ്യുത സുരക്ഷാവാരാചരണം മെയ് 1 മുതൽ 7 വരെ എല്ലാ വർഷവും ആചരിക്കുന്നുണ്ട്. അന്നേ ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ